## മധുരമായ കുട്ടികളെ - നിങ്ങൾ കർമ്മയോഗികളാണ്, നിങ്ങൾക്ക് നടക്കുമ്പോഴും-കറങ്ങുമ്പോഴും ഓർമ്മയുടെ അഭ്യാസം ചെയ്യണം, ഒരു ബാബയുടെ ഓർമ്മയിൽ കഴിഞ്ഞ് നരനിൽ നിന്ന് നാരായണനാകാനുള്ള പുരുഷാർത്ഥം ചെയ്യൂ

**ചോദ്യം:-** നിശ്ചബുദ്ധികളായ കുട്ടികളുടെ മുഖ്യമായ അടയാളം എന്തായിരിക്കും?
**ഉത്തരം:-** അവർക്ക് ബാബയോട് പൂർണ്ണമായ സ്നേഹമുണ്ടായിരിക്കും, ബാബയുടെ ഓരോ ആജ്ഞയെയും പൂർണ്ണമായും പാലിക്കും. അവരുടെ ബുദ്ധി പുറമെ അലയുകയില്ല. അവർ രാത്രിയിൽ ഉണർന്നിരുന്നും ബാബയെ ഓർമ്മിക്കും. ഓർമ്മയിലിരുന്ന് ഭക്ഷണമുണ്ടാക്കും.

***ഗീതം:-*** നിങ്ങൾ രാത്രി ഉറങ്ങി നഷ്ടപ്പെടുത്തി.....

**ഓം ശാന്തി**. ബാബ ഇവിടുത്തെ നിവാസിയല്ല എന്നത് ആദ്യം നിങ്ങൾ കുട്ടികൾക്ക് നിശ്ചയ മുണ്ടായിരിക്കണം. പരംധാമത്തിൽ നിന്ന് ഇവിടെ വന്ന് നമ്മളെ പഠിപ്പിക്കുകയാണ്. എന്താണ് പഠിപ്പിക്കുന്നത്? ഉയർന്നതിലും ഉയർന്ന ബാബ മനുഷ്യനിൽ നിന്ന് ദേവതയാക്കുന്ന ഉയർന്നതിലും ഉയർന്ന പഠിത്തമാണ് പഠിപ്പിക്കുന്നത്. ഈ പഠിത്തം പ്രസിദ്ധമാണ്, ഇതിലൂടെ അസുരനിൽ നിന്ന് ദേവത, അഥവാ വാനരനിൽ നിന്ന് ക്ഷേത്രത്തിലേക്ക് യോഗ്യരാകുന്നു. ഈ സമയം മനുഷ്യരുടെ മുഖം മനുഷ്യന്റേത് പോലെ തന്നെയാണ് എന്നാൽ വികാരം വാനരനെക്കാളും കൂടുതലാണ്. വാനരനെക്കാളും വളരെയധികം ശക്തി മനുഷ്യനിലുണ്ട്, പഠിച്ച് ശക്തി നേടുന്നു. ഇവിടെയും ചിലർ ബാബയിൽ നിന്ന് പഠിച്ച് സ്വർഗ്ഗത്തിന്റെ രാജധാനി സ്ഥാപിക്കുന്നു. മറ്റുചിലർ ശാസ്ത്രം *(സയൻസ്)* പഠിച്ച് നരകത്തിന്റെ വിനാശവും ചെയ്യുന്നു. ശരിക്കും ഇപ്പോൾ സ്ഥാപനയുടെയും വിനാശത്തിന്റെയും കാര്യം നടന്നുകൊണ്ടിരിക്കുന്നു. വിനാശമുണ്ടാകുന്നത് എപ്പോഴും പഴയ വസ്തുവിനാണ്. അവരെല്ലാവരും രാവണന് നമസ്ക്കാരം പറയുന്നു. കേവലം നിങ്ങൾ മാത്രമാണ് രാമന് നമസ്ക്കാരം പറയുന്നത്. നിങ്ങൾ കുട്ടികൾക്ക് രാമനെയും രാവണനെയും രണ്ട് പേരെയും അറിയാം. മനുഷ്യർ വ്യാസൻ ഗീത കേൾപ്പിച്ചു എന്നാണ് പറയുന്നത്. അതിൽ ഭഗവാനുവാചയെന്ന ശബ്ദമെഴുതിയിട്ടുണ്ട്, അത് സത്യമാണ്. എന്നാൽ ഭഗവാന്റെ പേര് മാറ്റി അസത്യമാക്കി. ബാബ എത്രയാണ് മനസ്സിലാക്കി തരുന്നത്, പ്രദർശിനിയിൽ കേവലം ഒരേയൊരു കാര്യം മനസ്സിലാക്കണം, ഗീതയുടെ ഭഗവാൻ നിരാകാരനായ ശിവനാണ്, അല്ലാതെ മനുഷ്യനല്ല, ഇതും മനസിലാക്കുന്നില്ല. ഇതും *ഡ്രാമയിൽ* അടങ്ങിയിട്ടുണ്ട്. കേവലം സന്യാസി മാത്രമാണ് സ്വയം ദുഃഖിയല്ല എന്ന് മനസ്സിലാക്കുന്നത്. വാസ്തവത്തിൽ അവരും തീർച്ചയായും ദുഃഖിയാണ്, എന്നാൽ പറയുന്നു ഞാൻ ദുഃഖിയല്ല അല്ലെങ്കിൽ പറയുന്നു ശരീരമാണ് ദുഃഖിയാകുന്നത്. ആത്മാവ് ദുഃഖിയാകുന്നില്ല. ആത്മാവ് തന്നെയാണ് പരമാത്മാവ്, അതെങ്ങനെ ദുഃഖിയാകും! ഇത് തലതിരിഞ്ഞ ജ്ഞാനമാണ്. ഈ ദേശം തന്നെ അസത്യ ഖണ്ഢമാണ്. ഭാരതം സ്വർഗ്ഗമായിരുന്നപ്പോൾ സത്യഖണ്ഢമായിരുന്നു. ബാബ മനസ്സിലാക്കി തരുന്നു *ഡ്രാമയനുസരിച്ച്* ദിനം-പ്രതിദിനം ദുഃഖം വർദ്ധിക്കുക തന്നെ ചെയ്യും. വളരെയധികം യജ്ഞ ദാന പുണ്യങ്ങൾ ചെയ്തെങ്കിലും പരിണാമം എന്തായിരുന്നു! താഴേക്ക് വീഴുക തന്നെയല്ലേ ചെയ്തത്. ഈ സമയം 100 ശതമാനം ഭ്രഷ്ടാചാരിയും നരകവാസിയുമായിരിക്കുന്നു, ബാബയുടെ വരവും അതുകൊണ്ട് ഇങ്ങനെയുള്ള സമയത്താണ്, എപ്പോഴാണോ എല്ലാ അഭിനേതാക്കളും എത്തിച്ചേരുകയും എല്ലാവരും ദുഃഖികളുമാകുന്നത്. കുറച്ച് പേർ വന്നുകൊണ്ടുമിരിക്കുന്നുണ്ട്. ഭൂരിപക്ഷവും വന്നുകഴിഞ്ഞിരിക്കുന്നു, ഇപ്പോഴാണെങ്കിൽ വളരെ പേർ ദുഃഖികളായിരിക്കും. ഭഗവാനെ ഓർമ്മിക്കും. നിങ്ങളെയാണെങ്കിൽ സ്വയം ഭഗവാൻ പഠിപ്പിക്കുന്നു. അപ്പോൾ എത്ര നന്നായി പഠിക്കണം. അച്ഛനെയും, *ടീച്ചറെയും,* ഗുരുവിനെയും ഒരുമിച്ച് ലഭിച്ചിരിക്കുന്നു. ഇപ്പോൾ ഇനി മറ്റാരുടെയടുത്തേക്കാണ് പോകേണ്ടത്? ബാബ പറയുന്നു നിങ്ങൾ ഗൃഹസ്ഥ വ്യവഹാരത്തിൽ തന്നെ കഴിയൂ എന്നാൽ നിരാകാരനും പരമാത്മാവുമായ എന്റെ നിർദ്ദേശത്തിലൂടെ നടക്കുകയാണെങ്കിൽ നിങ്ങൾക്ക് ശ്രേഷ്ഠരാകാൻ സാധിക്കും മറ്റൊരു ഗുരുവിന്റെയോ സന്യാസിയുടെയോ നിർദ്ദേശത്തിലൂടെ നടക്കരുത്. നിങ്ങൾ ചോദിക്കാറുണ്ട് പരംപിതാ പരമാത്മാവുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണുള്ളത്? *ഗോഡ് ഫാദറാണെങ്കിൽ* തീർച്ചയായും പുതിയ ലോകത്തിന്റെ സമ്പത്ത് ലഭിക്കണം. പിതാവെന്നാൽ രചയിതാവാണെന്ന് ആരുടെയും ബുദ്ധിയിലേക്ക് വരുന്നില്ല. സ്വർഗ്ഗത്തിന്റെ രചയിതാവ്. എന്നാൽ ഇത് നിരാകാരനാണ്. ആത്മാവും നിരാരനാണ്. ഇത് മനുഷ്യർക്കറിയില്ല. ആത്മാവിന്റെ രൂപം എന്താണ്? പരമാത്മാവിന്റെ രൂപം എന്താണ്? ആത്മാവ് അവിനാശിയാണ്, പരമാത്മാവും അവിനാശിയാണ്. ഓരോ ആത്മാവിലും അവിനാശീ *പാർട്ട്* അടങ്ങിയിട്ടുണ്ട്. ഈ കാര്യങ്ങൾ കേൾക്കുമ്പോൾ മനുഷ്യരുടെ ബുദ്ധി കറക്കത്തിലേക്ക് വരുന്നു. കൽപം

മുൻപ് ആര് സമ്പത്തെടുത്തിട്ടുണ്ടോ, അവർ പുരുഷാർത്ഥമനുസരിച്ച് എല്ലാ കാര്യങ്ങളും മനസ്സിലാക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഉറച്ച നിശ്ചയവുമുണ്ട് ബാബയോട് സ്നേഹവുമുണ്ട്. ശിവബാബ ആജ്ഞ നൽകുന്നു കഴിക്കുമ്പോഴും കുടിക്കുമ്പോഴും എന്നെ ഓർമ്മിക്കൂ. ഓർമ്മയിലൂടെ വികർമ്മം വിനാശമാകും ഉയർന്ന പദവിയും നേടും. ചിലർ ഇരിക്കുന്നത് ഇവിടെയാണ് എന്നാൽ ബുദ്ധി പുറമെ അലഞ്ഞുകൊണ്ടിരിക്കുന്നു. ഇതുപോലെ ഭക്തി മാർഗ്ഗത്തിലും സംഭവിക്കാറുണ്ട്. മായയുടെ രാജ്യമല്ലേ. ബുദ്ധി പുറമെ പോകുകയാണെങ്കിൽ ധാരണയുണ്ടാകുകയില്ല. വളരെ വിരളം പേരാണ് ബാബയുടെ ആജ്ഞയിലൂടെ നടക്കുന്നത്. ബാബ പറയുന്നു തലയിൽ പാപങ്ങളുടെ വളരെയധികം ഭാരമുണ്ട് അതുകൊണ്ട് രാത്രിയിൽ ഉണർന്നിരുന്ന് എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾക്ക് വളരെയധികം സഹായം ലഭിക്കും. നടക്കുമ്പോഴും-കറങ്ങുമ്പോഴും ഓർമ്മയുടെ അഭ്യാസം ചെയ്യൂ. ഓർമ്മയിൽ കഴിഞ്ഞ് ഭക്ഷണമുണ്ടാക്കൂ, ഇതിൽ വളരെയധികം പരിശ്രമമുണ്ട്. അടിക്കടി മറന്ന് പോകുന്നു. കുട്ടികൾക്ക് വളരെ നല്ല രീതിയിൽ അഭ്യസിക്കണം. 24 മണിക്കൂറിൽ 16 മണിക്കൂർ *ഫ്രീയാണ്*. ബാക്കി 8 മണിക്കൂർ തീർച്ചയായും ഓർമ്മയിൽ കഴിയണം. നിങ്ങൾ കർമ്മയോഗിയാണ്. ബാബ പറയുന്നു എല്ലാം ചെയ്തുകൊണ്ടും എന്റെ ഓർമ്മയിൽ കഴിയൂ. നരനിൽ നിന്ന് നാരായണനാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുകയാണെങ്കിൽ വീട്ടിലിരുന്നു കൊണ്ട് പോലും വളരെ വലിയ സമ്പാദ്യമുണ്ടാക്കാൻ സാധിക്കും. വലിയ-വലിയ ആളുകളും വരും. എന്നാൽ വളരെ വൈകിയിരിക്കും. നിങ്ങളിലും ധാരാളം പേരുണ്ട്, അവർ പറയുന്നു ഞങ്ങൾ ലക്ഷ്മി അല്ലെങ്കിൽ നാരായണനെ വരിക്കും, പിന്നീട് അടിക്കടി മറക്കുകയും ചെയ്യുന്നു. ഇങ്ങനെയും ധാരാളം പേരുണ്ട് അവർ പറയുന്നു ശിവബാബ ഇദ്ദേഹത്തിൽ വരുന്നു, ഈ കാര്യം ഞങ്ങളുടെ ബുദ്ധിയിലിരിക്കുന്നില്ല. എന്തോ ശക്തിയുണ്ട്, ആകർഷണമുണ്ട്, എന്നാൽ കുട്ടികൾ ബാബയെ മനസ്സിലാക്കുന്നില്ല എന്തുകൊണ്ടെന്നാൽ ശാസ്ത്രങ്ങളിൽ ബാബ വരുന്നുണ്ട് എന്നതരത്തിലുള്ള കാര്യങ്ങളില്ല. ഗീതയാണ് ഏറ്റവും വലിയ ശാസ്ത്രം. അതിൽ പോലും മനുഷ്യന്റെ പേരെഴുതി വച്ചു. പിന്നെങ്ങനെ ഉയർന്നതിലും ഉയർന്ന ഭഗവാന്റെ പേര് പിന്നീടുള്ള ശാസ്ത്രങ്ങളിൽ വരും. ബാബ പറയുന്നു എത്ര വലിയ തെറ്റാണ് ചെയ്തിരിക്കുന്നത്. ഞാൻ തന്നെയാണ് ഈ രുദ്ര യജ്ഞം രചിച്ചത്. കൃഷ്ണനെ പറയുന്നത് ശ്യാമ-സുന്ദരനെന്നാണ്. രാധയും-കൃഷ്ണനും തന്നെയാണ് ലക്ഷ്മിയും-നാരായണനുമാകുന്നത്. അവരാണ് പൂർണ്ണമായും 84 ജന്മങ്ങളെടുക്കുന്നത്. 84 ലക്ഷമെന്ന് പറഞ്ഞാലും സ്വർഗ്ഗത്തിൽ ആദ്യം വരുന്നത് ലക്ഷ്മിയും നാരായണനും തന്നെയാണ്. ബാബ മനസ്സിലാക്കി തരുന്നു നിങ്ങൾ ദേവീ-ദേവതാ ധർമ്മത്തിലുള്ളവർ 84 ജന്മങ്ങളെടുത്തിട്ടുണ്ട്. *നമ്പർവൺ* നിങ്ങൾ തന്നെയായിരുന്നു. ഇപ്പോൾ നിങ്ങളുടെ തന്നെ രാജധാനിയാണ് സ്ഥാപിതമായിക്കൊണ്ടിരിക്കുന്നത്. ലക്ഷ്മിയും-നാരായണനും നിങ്ങളുടെ തന്നെ മാതാ-പിതാക്കളായിരുന്നു. ഇപ്പോൾ നിങ്ങളുടെ രാജധാനി നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നിങ്ങളിപ്പോൾ സമ്പൂർണ്ണമായിട്ടില്ല. തീർച്ചയായും ആകണം. അപ്പോഴാണ് സൂക്ഷ്മവതനത്തിൽ സാക്ഷാത്ക്കാരമുണ്ടാകുന്നത്. സ്വയം സമ്പൂർണ്ണ ഫരിസ്തയെന്ന് മനസ്സിലാക്കും. ഫരിസ്തയായതിന് ശേഷമാണ് ലക്ഷ്മിയും-നാരായണനുമാകുന്നത്, അതിന്റെ സാക്ഷാത്ക്കാരവും ഉണ്ടാകുന്നു. തതത്വം, നിങ്ങളുമായിക്കൊണ്ടിരിക്കുന്നു. എത്ര നല്ലരീതിയിലാണ് മനസ്സിലാക്കി തരുന്നത്. ഇന്ന് *സ്കൂളുകളിൽ* പോലും ഗീത പഠിപ്പിക്കാറുണ്ട്, ആര് പഠിച്ച് സമർത്ഥരാകുന്നോ അവർ പിന്നീട് മറ്റുള്ളവരെയും പഠിപ്പിക്കും. അങ്ങനെ പണ്ഡിതരാകുന്നു. കേൾക്കുന്ന അനേകർ അനുഗാമികളാകുന്നു. ശബ്ദം മധുരമാണ്, നല്ല രീതിയിൽ ശ്ലോകങ്ങളെല്ലാം ചൊല്ലുന്നു. എന്നാൽ ഒന്നും തന്നെ ലഭിക്കുന്നില്ല. തമോപ്രധാനമാകുന്നു. ബാബ തന്നെയാണ് വന്ന് സതോപ്രധാനമാക്കുന്നത് അതും *നമ്പർവൈസ്* പുരുഷാർത്ഥമനുസരിച്ച് തന്നെയാണ് ആകുന്നത്. എല്ലാ ആത്മാക്കളും ശക്തിവാനാകുക സാധ്യമല്ല. ബാബയെ സർവ്വശക്തിവാനെന്ന് പറയും. ലക്ഷ്മീ-നാരായണനെ പറയില്ല. ശക്തിയുടെ കാര്യവും ഇപ്പോഴാണ്. ഇപ്പോൾ നിങ്ങൾ രാജ്യം നേടിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് വരം ലഭിച്ചുകൊണ്ടിരിക്കുന്നു. ബാബ പറയുന്നു അമർ ഭവ, ജീവിച്ചുകൊണ്ടേയിരിക്കൂ. സത്യയുഗത്തിൽ നിങ്ങളെ കാലൻ വിഴുങ്ങുകയില്ല. അവിടെ മരണമെന്ന ശബ്ദം തന്നെയില്ല. ഇന്നയാൾ മരിച്ചു എന്ന് പറയില്ല, നിങ്ങൾ പറയും ഞങ്ങൾ പഴയ വൃദ്ധശരീരമുപേക്ഷിച്ച് പുതിയതെടുക്കുന്നു. മഹാകാലന്റെയും ക്ഷേത്രമുണ്ട്. അതിൽ കേവലം ശിവലിഗം വച്ചിട്ടുണ്ടായിരിക്കും എന്നിട്ടതിൽ ചെറിയ കൊടികളെല്ലാം വെച്ചിട്ടുണ്ടായിരിക്കും. സ്വർണ്ണമടങ്ങയിട്ടുള്ള ധാരാളം ശിലകളുണ്ട്. പിന്നീടത് ഉരച്ചുരച്ച് ഉണ്ടാക്കുന്നു. നേപ്പാളിൽ നദിയിലെ മണലിൽ സ്വർണ്ണം ഒഴുകി വന്നിരുന്നു. സത്യയുഗത്തിൽ നിങ്ങൾക്ക് വളരെയധികം സ്വർണ്ണം ലഭിക്കുന്നു. ഇപ്പോൾ സ്വർണ്ണമേയില്ല, തീർത്തും ഇല്ലാതായിരിക്കന്നു. ഖനികളെല്ലാം കാലിയായിരിക്കുന്നു. സ്വർഗ്ഗത്തിൽ സ്വർണ്ണത്തിന്റെ കൊട്ടാരമുണ്ടാക്കുന്നു. വീണ്ടും നമ്മൾ നമ്മുടെ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുന്നു. ബാബാ ഞങ്ങൾ അങ്ങയുടേതായിരിക്കുന്നു, ഇങ്ങനെ ധാരാളം കുട്ടികൾ എഴുതാറുണ്ട്. ഒരിക്കലും കണ്ടിട്ട് പോലുമില്ല. ഇപ്പോൾ നിങ്ങൾ അമരലോകത്തിലേക്കായി ശിവബാബയിൽ നിന്ന് അമര കഥ കേട്ടുകൊണ്ടിരിക്കുന്നു. നിശ്ചയത്തിലൂടെ തന്നെയാണ് വിജയമുണ്ടാകുന്നത്. നിശ്ചയവും

ഉറച്ചതായിരിക്കണം. ശരി-

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) നിശ്ചയ ബുദ്ധിയായി ഒരു ബാബയിൽ പൂർണ്ണമായ സ്നേഹം വയ്ക്കണം. ബാബയുടെ ആജ്ഞയിലൂടെ നടന്ന് മായയുടെ മേൽ വിജയം നേടണം.

2) ശരീര നിർവ്വഹാർത്ഥം കർമ്മം ചെയ്തുകൊണ്ടും കർമ്മയോഗിയാകണം. 8 മണിക്കൂർ വരെയുള്ള ഓർമ്മയുടെ ചാർട്ട് തീർച്ചയായും ഉണ്ടാക്കണം.

## വരദാനം:- ഹോളിഹംസമായി മാറി വ്യർത്ഥത്തെ സമർത്ഥത്തിലേക്ക് പരിവർത്തനപ്പെടുത്തുന്ന വികാര രഹിതരായി ഭവിക്കട്ടെ.

മുഴുവൻ ദിവസത്തിലും ഉണ്ടാകുന്ന വ്യർത്ഥസങ്കല്പങ്ങൾ, വ്യർത്ഥ വാക്കുകൾ, വ്യർത്ഥ കർമ്മം, വ്യർത്ഥ സംബന്ധ-സമ്പർക്കം, ഈ വ്യർത്ഥത്തെ സമർത്ഥത്തിലേക്ക് പരിവർത്തനം ചെയ്യൂ. വ്യർത്ഥത്തെ ബുദ്ധിയിലേക്ക് സ്വീകരിക്കരുത്. അഥവാ ഒരു വ്യർത്ഥത്തെയെങ്കിലും സ്വീകരിച്ചാൽ ആ ഒന്ന് അനേക വ്യർത്ഥങ്ങളുടെ അനുഭവം ചെയ്യിപ്പിക്കും. ഇക്കാരണത്താൽ തന്നെയാണ് പറയാറുള്ളത് വികാരം വന്നു എന്ന്. അതിനാൽ ഹോളീഹംസമായി മാറി വ്യർത്ഥത്തെ സമർത്ഥത്തിലേക്ക് പരിവർത്തനപ്പെടുത്തൂ എങ്കിൽ വികാര രഹിതരായി (ഫീലിങ്ങ് പ്രൂഫ്) മാറും. ആര് നിന്ദിച്ചാലും, കോപിച്ചാലും താങ്കൾ അവർക്ക് ശാന്തിയുടെ ശീതള ജലം നൽകൂ, ഇതാണ് ഹോളീഹംസങ്ങളുടെ കർത്തവ്യം.

## സ്ലോഗൻ:- സാധന(തപസ്യ)യുടെ ബീജത്തെ പ്രത്യക്ഷമാക്കാനുള്ള മാർഗ്ഗമാണ് പരിധിയില്ലാത്ത വൈരാഗ്യവൃത്തി.